(സി) ഇവയെ പുനരുദ്ധരിക്കുന്നതിന്റെ ഫലമായി ഇവയുടെ നഷ്ടം നികത്താൻ കഴിയുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 84 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി സർക്കാർ രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ സർക്കാർ ഗ്യാരണ്ടിയുള്ള കടബാദ്ധ്യതകൾ ഒ. റ്റി. എസ്. വഴി അടച്ചു തീർക്കുന്നതിനും തൊഴിലാളികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് അവരെ സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളിൽ കൊണ്ടുവരുവാനും, വി. ആർ. എസ്. നൽകുവാനും കൂടാതെ പൊതുമേഖലാ പരിഷ്കരണ പദ്ധതികൾക്കും വേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

(സി) സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകാതെ ലാഭകരമായി ദീർഘകാലം പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള പ്രാവർത്തികമായ പദ്ധതികളാണ് പൊതുമേഖലാ പരിഷ്കരണ കമ്മിറ്റി സർക്കാരിനു സമർപ്പിച്ചിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ നടപടി

6 [3411] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ എൻ. ശക്തൻ:
„ വർക്കല കഹാർ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ നടക്കുന്നതും കയ്യൊഴിയാൻ തീരുമാനിച്ചിട്ടുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സാദ്ധ്യത പരിഗണിച്ചിട്ടുണ്ടോ;

(സി) ഇത്തരം കോർപ്പറേഷനുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വൻതോതിലുണ്ടാക്കി കയറ്റുമതി ചെയ്യുന്നപക്ഷം അവയ്ക്ക് പിടിച്ചു നിൽക്കാനാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

† അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ഈ കമ്പനികൾ സർക്കാരിന് അധിക ബാദ്ധ്യതകൾ ഒന്നും ഉണ്ടാക്കാതെ ലാഭകരമാക്കാനുള്ള എല്ലാ സാദ്ധ്യതകളും പഠനവിധേയമാക്കിയതിനു ശേഷമാണ് ഇ. ആർ. സി. പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കിയത്. വിശദമായ പരിശോധനയ്ക്കു ശേഷമാണ് ഇ. ആർ. സി. ശുപാർശകൾ സർക്കാർ അംഗീകരിച്ചത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി മുൻസർക്കാർ ചെലവഴിച്ച തുക

7 [3412] ശ്രീ. വി. ബാലറാം:
„ കെ. മോഹൻകുമാർ:
„ വി. ഡി. സതീശൻ:
„ ടി. എൻ. പ്രതാപൻ:
„ തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി എന്തുതുക ചെലവഴിച്ചു;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി യാണ് ഈ തുക വിനിയോഗിച്ചത്;

(സി) ഇപ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.‡

അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

8 [3413] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലവ അടച്ചു പൂട്ടുന്നതിനും മറ്റു ചിലവയെ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിനും ഇ. ആർ. സി. ശുപാർശപ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

---

† അനുബന്ധം II കാണുക.
‡ അനുബന്ധം IIA കാണുക.

LIBRARY ARCHIVES Kerala Legislative Assembly